# സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂൾ

## ചങ്ങനാശ്ശേരി

## സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : കോട്ടയം

2. സ്കൂൾ കോഡ് : 33013

3. സ്കൂളിന്റെ പേര് : സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂൾ

4. മേൽവിലാസം : ചങ്ങനാശ്ശേരി പി.ഒ. കോട്ടയം ജില്ല

5. പിൻകോഡ് : 686101

6. ഫോൺ നമ്പർ : 04812400373

7. ഇ-മെയിൽ അഡ്രസ് : stanneshschry@gmail.com

8. ഗ്രാമ പഞ്ചായത്ത്/മുൻസിപ്പാലിറ്റി : ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി

9. വിദ്യാഭ്യാസ ജില്ല : കോട്ടയം

10. സബ്ജില്ല : ചങ്ങനാശ്ശേരി

11. ക്ലാസുകൾ : 1 മുതൽ 10 വരെ

12. മാനേജ്മെന്റ് : എയ്ഡഡ്

13. പഠനമാധ്യമം : മലയാളം/ഇംഗ്ലീഷ്

## ഉള്ളടക്കം


1 ചരിത്രപഥത്തിലൂടെ

2. ലക്ഷ്യങ്ങൾ

3. അക്കാദമിക പ്രവർത്തനങ്ങൾ

4. മേഖല 1 -ഭൗതികസൗകര്യങ്ങൾ

5. മേഖല 2 -ആരോഗ്യം, പോഷകാഹാരം,ശുചിത്വം

6. മേഖല 3 -അക്കാദമികം

7. ഗണിതം

8. ശാസ്ത്രം

9. സാമൂഹ്യശാസ്ത്രം/പരിസ്ഥിതിപഠനം

10. കമ്പ്യൂട്ടർ വിദ്യാഭ്യാസം

11. മലയാളം

12. ഹിന്ദി

13. ഇംഗ്ലിഷ്

14. മേഖല 4 - വായന

15. പഠനയാത്ര

16. പഠനോപകരണ നിർമ്മാണം

17. പരീക്ഷ/ നിരന്തരവിലയിരുത്തൽ

18. മേഖല 5 - കലാ, കായിക പ്രവൃത്തി പരിചയം

19. മേഖല 6 - സ്കൂൾ അസംബ്ലി

**20.. മേഖല  7 - ദിനാചരണങ്ങൾ**

**21. . മേഖല 8 -സ്കൂൾ പാർലമെൻറ്**

**22 മേഖല  9 - പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ**

**23. മേഖല  10 – Class  P TA, LSG, SMC**

**24. മേഖല  11 - ക്ലബ് പ്രവർത്തനങ്ങൾ**

**25. മേഖല  12  - SRG**

**26. വിഭവ സമാഹരണമാർഗങ്ങൾ**

**27. മികവ്**

**28. ആർജ്ജിക്കേണ്ട മികവുകൾ**

**29. ഉപസംഹാരം**

## <u>ചരിത്രപഥത്തിലൂടെ</u>

**കോട്ടയം വിദ്യാഭ്യാസ ജില്ലയിൽ ചങ്ങനാശ്ശേരി ഉപജില്ലയിലെ ചങ്ങനാശ്ശേരി നഗരത്തിൽ ഉള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് സെൻറ് ആൻസ് ഹൈസ്കൂൾ . 1913 മെയ് 19 -ന് 49 കുട്ടികളോടും 2 അദ്ധ്യാപകരോടും കൂടെ പ്രവർത്തനമാരംഭിച്ച സെൻറ് ആൻസ് ഹൈസ്കൂൾ ചങ്ങനാശ്ശേരി നഗരത്തി ൻ്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് .എഫ്. സി. സി സന്യാസിനിമാരാൽ 1913 ൽ സ്ഥാപിച്ച ഈ വിദ്യാലയം ചങ്ങനാശ്ശേരിയിലെ പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. 1937 ൽ മിഡിൽ സ്കൂളായും1968 ൽ ഹൈസ്കേകൂളായും ഈ വിദ്യാലയം ഉയർത്തപ്പെട്ടു.**

**1971 മാർച്ചിലാണ് സെൻറ് ആൻസ് ഹൈസ്കൂളിൻറെ പ്രഥമ ബാച്ച് എസ്. എസ് എൽ.സി പരീക്ഷയ്ക്ക് ചേരുന്നത്. 36 ഡിവിഷനുകളിനായി 1400-ൽ വിദ്യാർത്ഥി വിദ്യാർത്ഥിനനികൾ ഇവിടെ അദ്ധ്യയനം നടത്തുന്നു. ചങ്ങനാശ്ശേരി നഗരാർത്തിയിൽ ഏറ്റവും ഉയർന്ന വിജയശതമാനം നേടുന്ന സ്കൂളിന് ചങ്ങനാശ്ശേരി ലയൺസ് ക്ലബ്ബ് ഏർപ്പെടുത്തിയ ബഹുമതി പല**

വർഷങ്ങളിലും ഈ സ്കൂളിന് ലഭിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെൻറിലെ ബെസ്റ്റ് സ്കൂൾ, കോട്ടയം വിദ്യാഭ്യാസജില്ലയിലെ ബെസ്റ്റ് എയ്ഡഡ് സ്കൂൾ എന്നീ ബഹുമതികൾ സെൻറ് ആൻസിന് പലപ്പോഴും ലഭിച്ചിട്ടുണ്ട് വി. അൽഫോൻസാമ്മയുടെ പാദസ്പർശനത്താൾ വളരെ ധന്യമാണ് ഈ സ്കൂൾ.

പഠനത്തിൽ മികവു പുലർത്തുന്ന വർക്കായി നിരവധി സ്കോളർഷിപ്പുകൾ, എൻഡോവുമെന്റുകൾ എന്നിവ സ്കൂളിലുണ്ട്. സബ് ജില്ലാ- ജില്ലാ- സംസ്ഥാന തലങ്ങളിൽ പ്രവർത്തി പരിചയ കലാശാസ്ത്ര സാഹിത്യ മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ ഇവിടുത്തെ കുട്ടികൾ കരസ്ഥമാക്കുന്നു. ഗവൺമെൻറ് ആനുകൂല്യങ്ങൾ കൃത്യമായി കുട്ടികൾക്ക് ലഭിക്കുന്നു. നന്മയുടെ വെളിച്ചമേകാൻ എല്ലാ കുട്ടികൾക്കും കൗൺസിലിംഗ് നൽകുന്നു. N.C.C, ഗൈഡ്സ്, റെഡ്ക്രോസ് , ലിറ്റിൽ കൈറ്റ്സ് എന്നീ സംഘടനകൾ പ്രവർത്തിക്കുന്നു. സയൻസ് ലാബ്, കംപ്യൂട്ടർ ലാബ്, ലാങ്ഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ് റൂം , ലൈബ്രറി എന്നിവ കുട്ടികൾക്ക് വളരെയധികം സഹായകമാണ്. സ്കൂൾ ബസ്, ഹോസ്റ്റൽ സൗകര്യം എന്നിവ ലഭ്യമാണ്.

## ലക്ഷ്യങ്ങൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന ഞങ്ങളുടെ വിദ്യാലയത്തിൽ, ഗുണമേന്മയും തുല്യതയും ഉറപ്പുവരുത്തുന്നതിനായി, LP തലം മുതൽ അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പൂർണ്ണസഹകരണത്തോടെ കേരള സർക്കാർ ആവിഷ്കരിച്ച പൊതു വിദ്യാഭ്യാസം സംരക്ഷണയജ്ഞം നടപ്പിലാക്കുകയുണ്ടായി. ഭൗതികമായും അക്കാദമികമായും മികവിൻറെ കേന്ദ്രമാക്കി മാറ്റുന്നതിനോടോപ്പം തന്നെ മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിനാവശ്യമായ ആത്മവിശ്വാസവും പ്രാപ്തിയും അറിവും ആർജ്ജിക്കുന്നതിനോടൊപ്പം ജനാധിപത്യ സമൂഹത്തിൻറെ ഉയർച്ചയും വളർച്ചയ്ക്കും ആവശ്യ മായ മൂല്യബോധം സൃഷ്ടിക്കാനാവശ്യമായ പഠന അന്തരീക്ഷവും പഠന പ്രക്രിയയും ഞങ്ങളിവിടെ ഒരുക്കിയിരിക്കുകയാണ്. അതിനായി ഞങ്ങൾ തയ്യാറാക്കുന്ന 'അക്കാദമിക്ക് മാസ്റ്റർ പ്ലാൻ' അഭിമാനപൂർവ്വം അവതരിപ്പി ക്കുകയാണ്.

## പ്രശ്നങ്ങൾ, പരിമിതികൾ

L.P ക്ലാസ്സുകൾക്കായി സയൻസ് പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള ചെറിയ ഉപകരണങ്ങൾ ലഭ്യമാക്കുക. ക്ലാസ്സുകളിൽ വോൾ അലമാര കൾ പ്രോജക്ടറുകൾ ഇവ ലഭ്യമാക്കുക.

- LP, UP, HS  ക്ലാസ്സുകളിലേക്കും കൂടുതൽ ലാപ് ടോപ്പുകൾ ആവശ്യമുണ്ട്.

- മഴവെള്ള സംഭരണി

- സ്കൂളിന്റെ പ്രധാന ഗേറ്റിന്റെ മുൻവശത്തുള്ള റോഡിലെ വെള്ളക്കെട്ട് പരിഹരിക്കപ്പെടണം.

## അക്കാദമിക പ്രവർത്തനങ്ങൾ

2025-26 അധ്യയനവർഷം മുതൽ ഇവിടെ നടത്തേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖയാണ് താഴെ നൽകുന്നത്. ഓരോ മേഖലയിലുള്ള പ്രവർത്തനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ധനകാര്യ വിശകലനം നൽകിയിട്ടില്ല. അതാത് വാർഷിക പദ്ധതി നടപ്പിലാക്കുന്നതിന്റെ  സമയത്ത് ഓരോ പ്രവർത്തനവും പ്രത്യേകം പരിശോധിച്ച് എസ് എം സി സാമ്പത്തിക വിശകലനവും വിഭവ സമാഹാരവും നടത്തുവാൻ തീരുമാനിച്ചു.

## മേഖല 1. ഭൗതിക സൗകര്യങ്ങൾ

വിദ്യാലയത്തിന്റെ ഭൗതിക സൗകര്യം വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്ക നുസരിച്ച് മെച്ചപ്പെടുത്തുക. ആധുനിക സൗകര്യങ്ങളോടു കൂടിയ പഠനം നടപ്പാക്കുക, വിദ്യാർത്ഥികളുടെ കലാവാസന പോഷിപ്പിക്കുന്നതിന് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക.

**പ്രവർത്തനങ്ങൾ**

**LP**

1. കുട്ടികൾക്ക് എഴുതാനും വരയ്ക്കുവാനുമുള്ള ബോർഡുകൾ

2. പത്രം, മാസികകൾ ഓരോ ക്ലാസ്സിനും ലഭ്യമാക്കുക.

3. ചിത്രരചനാ ക്യാമ്പ് സംഘടിപ്പിക്കുക.

4. കഥ പുസ്തകങ്ങൾ കൂടുതൽ ലഭ്യമാക്കുക.

**UP**

1. പുതിയ ബ്ലാക് ബോർഡുകൾ സ്ഥാപിക്കുക.

2. എല്ലാ ക്ലാസ്സുകളിലേയ്ക്കും ഡിക്ഷണറി ലഭ്യമാക്കുക.

3. വാട്ടർ കളർ

4. പത്രം എല്ലാക്ലാസ്സുകളിലും  ലഭ്യമാക്കുക

HS

1. എല്ലാം ക്ലാസ്സുകളിലും പത്ര മാസികകൾ ലഭ്യമാക്കുക.

2. ചിത്രരചനാ ക്യാമ്പുകൾ സംഘടിപ്പിക്കുക.

3. എല്ലാ ക്ലാസുകളിലും Eng. Malyalam- Hindi നിഘണ്ടു ലഭ്യമാക്കുക

മധ്യകാലം

LP

1. എല്ലാം ക്ലാസ്സിലേയും ഓരോ ഡിവിഷനുകളിലും കമ്പ്യൂട്ടർ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക

2. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ചുള്ള പൂന്തോട്ട നിർമ്മാണം

UP

1. ക്ലാസ്സ് ലൈബ്രറി

2. എല്ലാം ക്ലാസ്സുകളിലേയ്ക്കും ലാപ്പ് ടോപ്പ്, പ്രൊജക്റ്റർ ഇവ ലഭ്യമാക്കുക.

HS

1. ലാപ്പ് ടോപ്പുകൾ എല്ലാം ക്ലാസ്സുകളിലേയ്ക്കും ലഭ്യമാക്കുക.

2. ഐ ടി അധിഷ്ഠിത ക്ലാസുകൾ നടത്തുക.

ദീർഘകാലം

**LP**

**1. ക്ലാസ്സ് ലൈബ്രറികൾ ഉണ്ടാക്കുക.**

**2. ചിത്ര മതിൽ സജ്ജീകരിക്കുക.**
**UP**

**1. പാഠപുസ്തകത്തിലെ യുണിറ്റുകളെ ICT സഹായത്തോടെ മോഡ്യൂളാക്കുക**

**2. കുട്ടികളുടെ നാടകങ്ങൾ, സ്കിറ്റുകൾ, മറ്റു കലാരൂപങ്ങൾ എന്നി വയെ വാർഷിക പദ്ധതിയുടെ ഭാഗമായി നിർവ്വഹിക്കുക.**

**3. ക്ലാസ്സ് ലൈബ്രറികൾ ഉണ്ടാക്കുക.**

**HS**

**1. പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം എന്നിവ ഉണ്ടാക്കുക.**

**2. സാമൂഹ്യശാസ്ത്രലാബ്, ചരിത്രമ്യൂസിയം എന്നിവ സജ്ജീകരിക്കക.**

**3. ക്ലാസ്സുകൾ ഹൈടെക് ആക്കുക.**

**4. Digital Library**

## <u>മേഖല 2. ആരോഗ്യം, പോഷകാഹാരം ശുചിത്വം</u>

**ലക്ഷ്യം.**

**വ്യക്തിഗത ആരോഗ്യം, പോഷകാഹാരപ്രദമായ ഭക്ഷണം, വ്യക്തിശുചിതിത്വം, പരി സര ശുചിത്വം എന്നിവ ഉറപ്പുവരുത്തുക.**

**പ്രവർത്തനങ്ങൾ**

**ഹ്രസ്വകാലം**

**LP**

**1. വെള്ളം കുടിക്കേണ്ടതിന്റെ ആവശ്യകതയും അനാവശ്യ ചെലവാക്ക ലിനെക്കുറിച്ചുള്ള ബോധവത്ക്കരണവും.**

**2. പോഷകാഹാരം സൗജന്യ കിറ്റുകളുടെ വിതരണം.**

UP

1. ശരിയായ ഭക്ഷണശീല പോസ്റ്ററുകൾ മുറികളിൽ സ്ഥാപിക്കുക

2. പാചക തൊഴിലാളികളെ ആദരിക്കൽ

3. കർഷകരെ ആദരിക്കൽ

4. വിശേഷ ദിവസങ്ങളിൽ സസ്യേതര വിഭവങ്ങൾ

5. ഡ്രൈഡേ ആചരണം

6. വ്യായാമം പരിശീലിപ്പിക്കുക.

HS

1. മാതാപിതാക്കൾക്കും കുട്ടികൾക്കും ആരോഗ്യശുചിത്വ ബോധവ ത്ക്കരണം

2. കൃഷിയെക്കുറിച്ച് പ്രത്യക അസംബ്ലി

3. കർഷകദിനത്തിൽ കാർഷിക വിഭവങ്ങളുടെ ശേഖരണവും കൃഷി പ്പാട്ടു മത്സരങ്ങളും

4. പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം നിർമ്മിക്കുക.

മധ്യകാലം

LP

1 സമയാസമയങ്ങളിൽ താലൂക്ക് ആശുപത്രിയുടെ സഹായത്തോടെയുള്ള ആരോഗ്യ പരിശോധന ദന്തപരിശോധന.

UP

1 ആരോഗ്യ പരിശോധന, ദന്തപരിശോധന, ശുചിത്വബോധനം.

HS

1 മെഡിക്കൽ കോളേജ് ടീമിൻ്റെ ആരോഗ്യ, ദന്ത പരിശോധനകൾ പരിസരശുചിത്വം, വ്യക്തിശുചിത്വം

**ദീർഘകാലം**

**LP**

**1 ഉച്ചഭക്ഷണം രുചികരവും ആസാദ്യകരവുമാക്കുക.**
**2 No plastic പരിസരമാക്കുന്നതിനുള്ള പരിശീലനം.**
**UP**

**1 ശുചിത്വ മേൽനോട്ടത്തിനായി വിദ്യാർത്ഥിഗ്രൂപ്പുകൾ രൂപപ്പെടുത്തുക.**
**2 ആരോഗ്യരംഗത്തെ വിദഗ്ധരുടെ സഹായം തേടൽ.**

**3 ഉച്ചഭക്ഷണ മോണിറ്ററിംഗ്.**

**4 ദിനാചരണങ്ങൾ ആഘോഷങ്ങൾ എന്നിവയുമായി ബന്ധിപ്പിച്ച് പ്രത്യേകവിഭവങ്ങൾ.**

**5 പാചകത്തിന്റെ ശാസ്ത്രം, അടുക്കള ഗണിതം, ഭക്ഷണപദാർഥങ്ങളും ഉല്പാദിപ്പിക്കുന്ന നാടുകളും, ഇന്ധന വില സ്കൂളിലെ ഉച്ചഭക്ഷണച്ചെലവ്, ആഹാരസാധനങ്ങളുടെ അളവ് 1 തുടങ്ങി പാചകത്തെ വിഷയപഠനവുമായി ബന്ധിപ്പിക്കൽ.**

**H.S**

**1 *No plastic മേഖലയാക്കുന്നതിനുള്ള ബോധവത്ക്കരണം.**

**2 ഓരോ ആഴ്ചയിലും ശുചിത്യ മോണിറ്ററിംഗിന് വിദ്യാർഥി ഗ്രൂപ്പുകളെ ചുമതലപ്പെടുത്തുക.**

**3 സ്കൂളിനുവേണ്ട പച്ചക്കറികൾ കുട്ടികളുടെ നേതൃുത്വത്തിൽ ഉത്പാദിപ്പിക്കുവാനുള്ള പദ്ധതി തയ്യാറാക്കൽ.**

**4 ജലസംരക്ഷണ പ്രവർത്തനങ്ങൾ വീട്ടിലും സ്കൂളിലും പ്രാവർത്തികമാക്കി ഊർജസംരക്ഷണം,ലളിതജീവിതം എന്നിവയെക്കുറിച്ചുള്ള ബോധവത് ക്കരണം.**

## <u>മേഖല 3 അക്കാദമികം</u>

# <u>ഗണിതം</u>

**LP**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|

| | | | |
|---|---|---|---|
| കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ | 1, 2, 3, 4 ......<br>1,3,5,7....<br>10,20,30,40,....<br>5,10,15,20....<br>2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ . | JUNE | അധ്യാപകർ |
| സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് | ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ<br>(5+5 = 10, 10+10= 20) | JULY | അധ്യാപകർ<br>PTA, |
| ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ | വിവിധ പാറ്റേണുകൾ രൂപീകരിക്കൽ സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ<br>99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100 ആകും<br>100 ഒന്നുകൾ ചേർന്നതാണ് 100<br>ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | AUG | അധ്യാപകർ<br>PTA, BRC |
| ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ) | ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>വിലവിവരപട്ടിക തയ്യാറാക്കൽ<br>ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു. | September | അധ്യാപകർ |
| ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ | രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം | October to | അധ്യാപകർ |

| | | | |
|---|---|---|---|
| വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ | ചെയ്യുന്നു<br>സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)<br>5...10.... 15.... 20... 25<br>(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം) | December | |
| പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ | വിലവിവരപ്പട്ടിക തയ്യാറാക്കൽ.<br>വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ<br>പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ<br>സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ<br>ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ<br>കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.<br>മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ<br>കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.<br>ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. | January to March | അധ്യാപകർ |

**UP**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കൽ<br><br>ഗണിത പഠനം എളുപ്പമാക്കാൻ | അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br><br>1. ഗണിത ചാർട്ടുകൾ തയ്യാറാക്കൽ<br>2. ഗണിത രൂപങ്ങൾ നിർമ്മിക്കൽ<br>3.ICT സാധ്യതകളുടെ ഉപയോഗം<br>4.ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | ജൂൺ-ആദ്യ 2 ആഴ്ചകൾ<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ആവശ്യാനുസരണം | ഗണിത അധ്<br><br>ഗണിതശാസ്ത്ര അധ്യാപകരു ക്ലബ് അംഗ |
| ഗണിതത്തിൽ പിന്നോക്കം ഉള്ളവരെ കണ്ടെത്തി സഹായിക്കാൻ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അധ്യാപകരുടെയും മുൻനിരയിൽ നിൽക്കുന്ന കൂട്ടുകാരുടെയും സഹായത്താൽ പോരായ്മകൾ നികത്താനുള്ള പ്രവർത്തനങ്ങൾ. | ആവശ്യാനുസരണം | ഗണിതശാസ്ത്ര അധ്യാപകർ |
| നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | 1.ശില്പശാല സംഘടിപ്പിക്കൽ<br>2.ഗണിതത്തിൽ പ്രാഗല്ഭ്യം നേടിയവരുമായി സംവദിക്കൽ<br>3. ജ്യാമിതീയ പാറ്റേണുകൾ,നമ്പർ പാറ്റേണുകൾ, ഗണിത മാതൃകകൾ എന്നിവയുടെ നിർമ്മാണം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ആവശ്യാനുസരണം | ഗണിതശാസ്ത്ര അധ്യാപകർ |
| വിവിധശേഷികളുടെ വികസനം | 1. ഗണിത മേള<br>2. അധ്യയന വർഷത്തിലെ വിവിധ | ഒരു തവണ | S. R. G, ഗണി അധ്യാപകർ |

| | | | |
|---|---|---|---|
| | ദിനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | | |

**HS**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ<br>i) ചതുഷ്ക്രിയകൾ<br>ii) ജ്യാമിതീയ രൂപങ്ങൾ | i) വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന വർക്ക് ഷീറ്റ്, ജാമിതീയ രൂപങ്ങൾ ഉൾപ്പെടുന്ന വർക്ക് ഷീറ്റ്<br><br>ii) ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ ( Peer group) | ജൂൺ<br><br>ജൂൺ - മാർച്ച് | ഗണിത ടീച്ചർ<br><br>ഗണിത ക്ലബ്ബ് |
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ, ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക. | i) ജാമിതിയെ രൂപങ്ങൾ വരച്ചും ഉണ്ടാക്കിയും പ്രദർശിപ്പിക്കുന്നു. ICT സാധ്യതകൾ ഉപയോഗിച്ച് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു<br><br>ii) ഗണിത ക്ലബ്ബ് രൂപീകരണം<br><br>iii) ഗണിത കാർട്ടൂൺ | ജൂൺ - മാർച്ച്<br><br>ജൂൺ<br><br>ജൂൺ | ഗണിത ടീച്ചർ |
| പാറ്റേൺസ് ആൻഡ് ആർട്ട് അഭിരുചികൾ വളർത്തുക | i)ജോമട്രിക്കൽ ചാർട്ട്<br>ii)ഫോട്ടോഗ്രാഫി കോമ്പറ്റീഷൻ<br>iii) പൈ അപ്രോക്സിമേഷൻ ഡേ സെലിബ്രേഷൻ | ജൂലൈ | ഗണിത ക്ലബ്ബ് |
| ഗണിതശാസ്ത്രമേളയ്ക്ക് ഒരുക്കം | i) സ്കൂൾ തല ഗണിതശാസ്ത്രമേള<br><br>ii) ഗണിത ഭാഷയിൽ കഥപറച്ചിൽ<br>iii) റുബിക്സ് ക്യൂബ് ചലഞ്ച്<br>ഒന്നാം പദ വാർഷിക പരീക്ഷ വിലയിരുത്തൽ- റെമഡിയിൽ | ഓഗസ്റ്റ്,<br><br>സെപ്റ്റംബർ | ഗണിത ടീച്ചർ<br><br>ഗണിത ക്ലബ്ബ്<br><br>ഗണിത ക്ലബ്ബ് |

| | | | |
|---|---|---|---|
| പഠന പിന്തുണ<br><br>ജിയോജിബ്ര പഠനം | ടീച്ചിംഗ്<br><br>ജിയോജിബ്ര വർക്ക്ഷോപ്പ് | സെപ്റ്റംബർ-ജനവരി<br><br>സെപ്റ്റംബർ | ഗണിത ടീച്ചർ |
| പഠനത്തിൽ മിടുക്കരായ കുട്ടികൾക്ക് അധിക പിന്തുണ | i) സ്പെഷ്യൽ കോച്ചിംഗ് ഗിഫ്റ്റ് കുട്ടികൾക്ക് വേണ്ടി<br>ii) വീഡിയോ പ്രസന്റേഷൻ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | ഒക്ടോബർ - മാർച്ച് | ഗണിത ടീച്ചർ |
| ഗണിത തല്പരയ വർദ്ധിപ്പിക്കൽ | i) നാഷണൽ മാത്തമാറ്റിക്സ് ഡേ<br>ii) പോസ്റ്റർ നിർമ്മാണം - ഇന്ത്യൻ ഗണിതശാസ്ത്രജ്ഞൻമാർ | ഡിസംബർ | ഗണിത ടീച്ചർ<br><br>ഗണിത ക്ലബ്ബ് |
| | | | |

# <u>ശാസ്ത്രം</u>

**LP**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പ്രകൃതി നടത്തം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര മൂല<br>ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ |
| കേരളം ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | ഭൂപടം ഒരുക്കാം<br>ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ്സ് ടീച്ചർ |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ്സ് ടീച്ചർ |
| | ശാസ്ത്രോത്സവം | | |

| | | | |
|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ചാറ്റ് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ |
| ശാസ്ത്രീയ പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ്സ് ടീച്ചർ |
| | | | |

## UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. വിദ്യാർത്ഥികളിൽ ശാസ്ത്രത്തിന്റെ അടിസ്ഥാന ധാരണ വളർത്തുക | പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരീക്ഷണങ്ങൾ വിദ്യാർത്ഥികൾ തന്നെ ചെയ്യുക. ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികൾ വായിക്കുക ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുക | പ്രതിവാരമായി ക്ലാസ് മുറിയിലെ പരീക്ഷണങ്ങളും ഐസിടി അധിഷ്ഠിത പഠനവും. മാസാന്തരത്തിൽ ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുക | അധ്യാപകൻ അധ്യാപിക കുട്ടികൾ |
| 2. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്രീയ സമീപനം കുട്ടികളിൽ വളർത്തുക | ദൈനംദിന ജീവിത സാഹചര്യങ്ങൾ ശാസ്ത്ര വിഷയവുമായി താരതമ്യം ചെയ്തു നിഗമനങ്ങളിൽ എത്തുക | പ്രതി വാരം വായന/പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കൽ. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായകരമാകുന്ന ക്ലാസുകൾ സംഘടിപ്പിക്കൽ. | വിദ്യാർത്ഥികൾ, അധ്യാപകർ |
| 3. പരീക്ഷണങ്ങളിലൂടെ അന്വേഷണ സ്വഭാവ വളർത്തുക | ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെറിയ ശാസ്ത്ര പ്രോജക്ടുകൾ തയ്യാറാക്കുക. ഡിജിറ്റൽ അവതരണങ്ങൾ വീഡിയോകൾ സിമിലേഷൻസ് മുതലായവ ഉൾപ്പെടുത്തുക | ത്രൈ മാസമായി പ്രോജക്ടുകളുടെ അവതരണം | വിദ്യാർത്ഥികൾ, അധ്യാപകർ |
| 4. പരിസ്ഥിതി സംരക്ഷണബോധം വളർത്തുക | പരിസ്ഥിതി ദിനം ഊർജ്ജ ദിനം തുടങ്ങിയ ദിനാചരണങ്ങൾ സംഘടിപ്പിക്കുക. സമീപത്തുള്ള ശാസ്ത്ര കേന്ദ്രങ്ങൾ സസ്യ ഉദ്യാനങ്ങൾ ജലാശയങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുക. | വാർഷികമായി സംഘടിപ്പിക്കുക | പിടിഎ, അധ്യാപകർ മാതാപിതാക്കൾ |
| 5. വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക | ശാസ്ത്രമേളകൾ സംഘടിപ്പിക്കുക | വാർഷികം | എസ്.ആർ ജി/ പിടിഎ |

## HS

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്ര അഭിരുചി വളർത്തുവാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസിൽ ചെയ്യുന്നു കുട്ടികളെ കൊണ്ട് നിരീക്ഷണക്കുറിപ്പ് എഴുതിക്കുന്നു തുടർ പ്രവർത്തനമായി സ്വയം ചെയ്യുന്ന പ്രവർത്തനങ്ങൾ കുട്ടികൾ സ്വയം ചെയ്യുന്ന പ്രവർത്തനങ്ങളിൽ മികവാർന്നവ ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു | ജൂൺ- മാർച്ച് | ശാസ്ത്ര അധ |
| ശാസ്ത്രമേളയിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്നു | സ്കൂൾതല ശാസ്ത്രമേള നടത്തി മികവാർന്നവ കണ്ടെത്തുന്നു സ്കൂൾതലത്തിൽ മികവാർന്നവയെ വേണ്ടത്ര മാറ്റം വരുത്തി മതിയായ പരിശീലനം നൽകി സബ് ജില്ലാ മേളയിലേക്ക് ചേർക്കുന്നു | ഓഗസ്റ്റ്- നവംബർ | ശാസ്ത്ര അധ കുട്ടികൾ |
| പഠന പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പരിശീലനം | ക്ലാസ് ടെസ്റ്റ്, Midterm, എന്നിവ വിലയിരുത്തി പഠനനിലവാരം കുറവുള്ള കുട്ടികളെ കണ്ടെത്തുന്നു. ഈ കുട്ടികൾക്ക് മാത്രമായി സമയം കണ്ടെത്തി സിമ്പിൾ questions ഡിസ്കസ് ചെയ്യുന്നു ലളിതമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ഓരോ മാസവും പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് മാത്രമായി പരീക്ഷ നടത്തുന്നു കുട്ടികൾക്ക് മാത്രമായി | ജൂൺ- മാർച്ച് | അധ്യാപകർ |

| | | | |
|---|---|---|---|
| | പരീക്ഷ നടത്തുന്നു | | |
| സയൻസ് ലാബ് സജീവമാക്കൽ | ലാബിൽ കുറവുള്ള പരീക്ഷണ സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു. ലാഭ പരമാവധി പ്രയോജനപ്പെടുത്തി പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യുന്നു. ചിട്ടയോടെ ക്രമീകരിക്കുന്നു | ജൂൺ- മാർച്ച് | അധ്യാപകർ സയൻസ് ക്ല ൾ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ മികച്ച പങ്കാളിത്തം സാമൂഹികവൽക്കരണം ഉറപ്പാക്കൽ എന്നിവ ലക്ഷ്യം വയ്ക്കുന്നു | വിവിധ മഴക്കാല ശുചീകരണ മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്ന് കുട്ടികളുടെ വിശദീകരിക്കുകയും അതിൻറെ പ്രയോജനങ്ങൾ എന്തെല്ലാം എന്ന് ലളിതമായി അവതരിപ്പിക്കുകയും ചെയ്യുന്നു. സ്കൂളും പരിസരവും വൃത്തിയാക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നു. | ജൂൺ | സയൻസ് ക്ലബ് |
| പരിസ്ഥിതി ദിനാചരണം<br><br>പരിസ്ഥിതി ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം എന്തെല്ലാം എന്നതിനെപ്പറ്റി ആഴത്തിൽ അറിയുന്നു. | പരിസ്ഥിതി സംരക്ഷിക്കേണ്ടതിനെ ആവശ്യത്തെപ്പറ്റി സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെമിനാർ പരിസ്ഥിതി പ്രവർത്തകരുമായി കുട്ടികൾക്ക് മുഖാമുഖം ഒരു വേദിയൊരുക്കുന്നു. | ജൂലൈ | ഇക്കോ ക്ലബ്ബ് |
| മഴക്കാല രോഗങ്ങൾ മാലിന്യ സംസ്കരണം മഴക്കാല രോഗങ്ങൾ | മഴക്കാല രോഗങ്ങളെ കുറിച്ചും അതിൻറെ വ്യാപനത്തെ പറ്റിയും | | |

| | | | |
|---|---|---|---|
| ഏതെല്ലാം അവയുടെ ലക്ഷണങ്ങൾ എന്നിവയെ പറ്റിയുള്ള ധാരണ ഉറപ്പാക്കാൻ ശ്രമിക്കുന്നു | അറിവ് പകരുന്ന വീഡിയോ ദൃശ്യങ്ങൾ പങ്കുവയ്ക്കുന്നു. രോഗവ്യാപനം തടയാനുള്ള മാർഗങ്ങൾ അവലോകനം മാലിന്യ സംസ്കരണ രീതികൾ എന്നിവ പരിചയപ്പെടുത്തുന്നു. ചാർട്ടുകൾ കാരിക്കേച്ചർ നിർമ്മാണം | ജൂലൈ | ബയോളജി ടീച്ചർ |
| ടീൻസ് ക്ലബ്ബ്<br><br>ദൈനംദിന ജീവിതത്തിലെ ഓരോ പ്രവർത്തികളെയും എങ്ങനെ മികച്ചതാക്കാം എന്ന ചിന്ത കുട്ടികളിൽ ഉറപ്പിക്കാൻ സാധിക്കുന്നു | ജീവിത നൈപുണി പ്രവർത്തനങ്ങൾ ക്ലാസ് മുറികൾക്ക് അപ്പുറത്തേക്കുള്ള വിശാലമായ ലോകത്തെക്കുറിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്ന സെമിനാറുകൾ വർക്ക് ഷോപ്പുകൾ | ഓഗസ്റ്റ് | സയൻസ് ടീച്ചേഴ്സ് |
| പോക്സോ, ലിംഗ നീതി ലൈംഗിക അതിക്രമങ്ങളെ കുറിച്ചുള്ള വിവരങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നു നല്ല സ്പർശനം ചീത്തയായ സ്പർശനം എന്നിവ തരംതിരിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു | പോക്സോ നിയമത്തിന്റെ പ്രാധാന്യം ലിംഗനീതി തിരസ്കരിക്കപ്പെടുന്ന സന്ദർഭങ്ങൾ എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് എടുക്കുന്നു. | സെപ്റ്റംബർ | പിടിഎ<br>SMC |
| ശാസ്ത്രമേള<br><br>കുട്ടികളിൽ ശാസ്ത്രീയ അഭിരുചി വളരുന്ന നിരീക്ഷണ പാടവം വർദ്ധിക്കുന്നു ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ വിമർശനാത്മക ചിന്ത വർദ്ധിക്കുന്നു | കുട്ടികളുടെ വിവിധ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള പരീക്ഷണ സജ്ജീകരണങ്ങൾ എന്നിവ നിരീക്ഷണപാടവം, കുട്ടികൾക്കിടയിലെ ശാസ്ത്ര അഭിരുചി എന്നിവ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | ഒക്ടോബർ | സയൻസ് ക്ലബ് |
| ബയോളജി ലാബ് നവീകരണം,ദിനാചരണങ്ങൾ ശാസ്ത്ര ലാബുകൾ ഏത് തരത്തിൽ പഠനപ്രക്രിയയിൽ സ്വാധീനം ചെലുത്തുന്നു അത് ഏതൊക്കെ രീതിയിൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്താം എന്ന ധാരണ ഉറപ്പിക്കുന്നു. | ലാബിന്റെ പ്രാധാന്യം ശാസ്ത്ര വിഷയങ്ങളിൽ എന്നതിനെക്കുറിച്ച് ചെറിയ ബോധവൽക്കരണ ക്ലാസ് -ലാബ് സജ്ജീകരണം -വിവിധ ദിനാചരണങ്ങളും അതിൻറെ പ്രാധാന്യവും -പോസ്റ്റർ നിർമ്മാണം കൊളാഷ് നിർമ്മാണം | നവംബർ ആദ്യം | സയൻസ് ക്ലബ് |
| സ്കൂൾ മുറ്റത്ത് ഔഷധ പച്ചക്കറിത്തോട്ട നിർമ്മാണം<br><br>ഔഷധ ചെടികളെയും | ഔഷധ ചെടികളെയും വിവിധ പച്ചക്കറി ചെടികളെയും കുറിച്ചുള്ള അവബോധം കുട്ടികളിൽ ഊട്ടിയുറപ്പിക്കുവാൻ | ഇക്കോക്ലബ് | നവംബർ അവസാനം |

| | | | |
|---|---|---|---|
| പച്ചക്കറികളെയും പ്രത്യേകിച്ച്പട്ടികപ്പെടുത്താനുള്ള കഴിവ് ആർജിക്കുന്നു | കൃഷിത്തോട്ടത്തിലേക്ക് നമ്മളും എന്ന പുതിയ പദ്ധതി സ്കൂളുകളിൽ ആരംഭിക്കുന്നു | | ഡിസംബർ ആദ് |

# സാമൂഹികശാസ്ത്രം/ പരിസ്ഥിതി പഠനം

**UP**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭൂപട നിർമ്മാണത്തിന് കുട്ടികളെ പ്രാപ്തരാക്കുക. | പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ ഭൂപടം നിർമ്മിക്കുന്നു. മാപ്പിംഗ് പരിചയപ്പെടുത്തൽ , അറ്റ്ലസ് പരിശീലനം നൽകൽ എന്നിവ ഉൾപ്പെടുത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ അധ്യാപകർ. |
| ജനാധിപത്യ രീതികൾ മനസ്സിലാക്കുന്നതിന് | സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ നേതൃത്വത്തിൽ ക്ലാസ് ലീഡർ ,സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് | അക്കാദമിക വർഷാരംഭം ആഗസ്റ്റ്. | സാമൂഹ്യശാ അധ്യാപകർ. |
| പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം | സാമൂഹ്യശാസ്ത്ര അധ്യാപകരുടെ നേതൃത്വത്തിൽ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ ശില്പശാല സംഘടിപ്പിച്ച് നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ അധ്യാപകർ. |
| സ്വന്തം നാടിനെക്കുറിച്ച് അറിയാൻ | സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ നേതൃത്വത്തിൽ സെമിനാർ , ചരിത്രരചന അവയുടെ പ്രദർശനം എന്നിവ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ അധ്യാപകർ. |

**HS**

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1. പഠിതാക്കളെ ചരിത്ര അവബോധമുള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ഫീൽഡ് ട്രിപ്പ് .ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു. സ്ഥലങ്ങൾ - ആനന്ദ ആശ്രമം ,ലക്ഷ്മിപുരം കൊട്ടാരം ,ചങ്ങനാശ്ശേരി ചന്ത, വേട്ടടി അമ്പലം . | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ മാർച്ച്. |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക.പൗരബ ോധം, മൂല്യബോധം എന്നിവ വളർത്തുക. | പ്രവർത്തനം - സ്കൂൾ പാർലമെന്റ്,മോക്ക്പാർലമെന്റ് , പൗരബോധമുള്ള മഹത് വ്യക്തികളുടെ ജീവചരിത്ര വീഡിയോ കാണിക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ മാർച്ച്. |
| 3. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക .സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക . | മതേതരത്വം സഹിഷ്ണുത എന്നിവയുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിച്ച് കൊളാഷ് നിർമിക്കുന്നു. അഭിമുഖം ,ചർച്ച ,സംവാദം എന്നിവ നടത്തുന്നു . | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ മാർച്ച്. |
| ഭൂപട വായന കുട്ടികളിൽ വളർത്തുക .സ്ഥലനിർണയം നടത്താൻ പഠിക്കുക . | വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂപടങ്ങൾ പരിചയപ്പെടുത്തുന്നു . അറ്റ്ലസ് , മാപ്പ് ,ഗ്ലോബ് എന്നിവ കൂടുതൽ പഠന വിഷയമാക്കുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ മാർച്ച്. |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന ക്വിസ് ,ദിനാചരണങ്ങൾ ,പ്ര ോജക്ട് എന്നിവ നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ് | |
| 6. വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും .ജലാശയങ്ങളെക്കുറിച്ചും, | വിവിധയിനം മണ്ണുകൾ ശേഖരിച്ച് പ്രദർശനം നടത്തുന്നു.. മണ്ണും ജലവും | സാമൂഹ്യശാസ്ത്ര അധ്യാപകർ | ജൂൺ മുതൽ മാർച്ച്. |

| | | | |
|---|---|---|---|
| കാറ്റുകൾ ,സമുദ്രങ്ങൾ , പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുന്നു | ഇവയുടെ പ്രാധാന്യത്തെക്കുറിച്ച് സെമിനാറുകൾ, പ്രോജക്ടുകൾ ഇവ നടത്തുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബ് | |
| 7. നവോത്ഥാന കാലഘട്ടത്തിലെ കല ,സാഹിത്യം എന്നിവ പരിചയപ്പെടുക. | നവോത്ഥാന കാലഘട്ടത്തിലെ കല,സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട മാഗസിൻ തയ്യാറാക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ മാർച്ച്. |
| 8. ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | സ്കൂളിലെ ഉപഭോക്ത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഉപഭോക്താവ് കബളിപ്പിക്കപ്പെട്ടാൽ എടുക്കേണ്ട നടപടികളെ കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നു | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂൺ മുതൽ മാർച്ച്. |

# കമ്പ്യൂട്ടർ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| I.T പഠനം മെച്ചപ്പെടുത്താൻ | . ഓരോ ക്ലാസിലെയും പാഠപുസ്തകങ്ങൾക്കനുസരിച്ചുള്ള പ്രാക്ടിക്കൽ ക്ലാസുകൾ ലാബിൽ നൽകുന്നു<br>. മലയാളം ടൈപ്പിംഗ് പരിശീലനം<br>. പോസ്റ്റർ നിർമാണം പരിശീലനം<br>.വെബ്പേജുകൾ നിർമിക്കാൻ | ജൂൺ - മാർച്ച്<br><br>ജൂൺ - ഓഗസ്റ്റ്<br><br>ജൂൺ - ജൂലൈ<br><br>ഓഗസ്റ്റ് - | ICT പരിശീലനം നേടിയ അധ്യാപകർ |

| | | | |
|---|---|---|---|
| | പരിശീലനം<br>. കമ്പ്യൂട്ടർ പ്രോഗ്രാമിങ് പൈത്തൺ പരിശീലനം | ഒക്ടോബർ | |
| പഠന പ്രവർത്തനങ്ങൾ ICT സഹായത്തോടെ ചെയ്യാൻ അധ്യാപകരെ സഹായിക്കുന്നു | സ്കൂളിൽ അധ്യാപക പരിശീലനം സംഘടിപ്പിക്കുന്നു | ജൂൺ - മാർച്ച് | S.I.T.C |

# മലയാളം

**LP**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവർ ആക്കുക. | വായന കാർഡുകൾ കുട്ടികൾ തയ്യാറാക്കുന്നു<br>⋆⋆ അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ | അധ്യാപക |
| എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുക. | കഥപറയാൻ അവസരം ഒരുക്കുന്നു വായനാമൂല ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>⋆⋆ ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു<br>⋆⋆ സംയുക്ത ഡയറി എഴുതുന്നു.<br>⋆⋆ അക്ഷര കാർഡുകളും ചിന്ന കാർഡുകളും നൽകി കുട്ടികളെ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു. | ജൂലൈ | അധ്യാപക |
| ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ ചെറുകഥകൾ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | ⋆⋆ ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു<br><br>⋆⋆ ഭാഷാശേഷി വികസനത്തിനായി ചിത്ര വായന കാർഡുകൾ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.<br>⋆⋆ ചിത്ര വായനയിലൂടെ സംഭാഷണ രൂപം എഴുതാൻ അവസരം ഒരുക്കുന്നു | ഓഗസ്റ്റ് | അധ്യാപക |
| കുഞ്ഞു ചിത്രകഥ | വായനോത്സവം സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | അധ്യാപക |

| | | | |
|---|---|---|---|
| പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.<br>ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു<br>പാട്ടങ്ങ് റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു. | ആസ്വാദ്യകരമായ വായന നടത്തുന്നു.<br>ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. | | |
| സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനങ്ങളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു | കൂട്ട വായന ചിത്ര വായന വീട്ടുവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.<br>പത്രവായനയ്ക്ക് അവസരം ഒരുക്കുന്നു | ഒക്ടോബർ | അധ്യാപക |
| ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു | ആത്മകമായി കവിതകൾ ചൊല്ലുന്നു.<br>ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.<br>സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.<br>വ്യക്തിഗത രചനകൾക്ക് അവസരം നൽകുന്നു. | നവംബർ | അധ്യാപക |
| രക്ഷിതാവിന്റെ അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് പ്രവർത്തനം തയ്യാറാക്കുന്നു. | കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് നയിക്കുന്നു<br>കുട്ടികളുടെ കഴിവുകൾ സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു. | ഡിസംബർ<br>ജനുവരി. | അധ്യാപക |
| ആശയം ഗ്രഹിച്ച മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു | സ്വതന്ത്രമായി രചനകൾ നടത്തി കയ്യെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.<br>പരസ്പരം പിന്തുണ ഉറപ്പിച്ച് പൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.<br>ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.<br>ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.<br>ആശയ പൂർണ്ണതയുടെ തൽസമയ രചനകൾ നടത്തുന്നു. | ഫെബ്രുവരി.<br>മാർച്ച് | അധ്യാപക |

**UP**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| | | | |
| 1 ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനം പദസമ്പത്ത് വളർത്താനം പഠിതാക്കളെ പ്രാപ്തരാക്കുക<br><br>2)പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക<br>ലക്ഷ്യം | *എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ വിവിധ വിവാഹാരങ്ങളിലൂടെ( കഥ, കവിത, അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു<br>ഭാഷ കേളി :<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.<br>വാർത്താ ലോകത്തേക്ക്<br>പത്രം ആഴ്ചപതിപ്പ് മാസികകൾ എന്നിവ<br>പ്രവർത്തനം | ജൂൺ മാസം<br><br>ജൂൺ മാസം<br><br>ജൂൺ മാസം<br><br>എല്ലാദിവസവും | മലയാളം അധ്യാപ<br><br>മലയാളം അധ്യാം<br><br>മലയാളം അധ്യാം<br><br>മലയാളം അധ്യാം |
| | വാർത്ത വായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു<br><br>അതാതു മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | മാസം<br><br>വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ് |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ | സംവാദം/ മുഖാമുഖം | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ് മ<br>അധ്യാപകർ |

| | | | |
|---|---|---|---|
| സർഗ്ഗശേഷി വളർത്തൽ<br>4) മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | കമ്പ്യൂട്ടറിന്<br>മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടർ പരിശീലിപ്പിക്കുകയും ഇമാംഗസ്സിങ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു<br>മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കുറ ◌ു സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | 2 വർഷം | മലയാളം ഐടി |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗ ആവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോൽ കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് ആൻസ് എഫ് എം അവതരണ മികവ് | സെന്റ് ആൻസ് എഫ് എം<br>വിശേഷദിനങ്ങളും ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്ന വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു<br>ഓരോ ആഴ്ചയിലെ ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | ലീഡർമാൻ സ്കൂൾ ല<br>അധ്യാപകർ |

## HS

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 5 മുതൽ 10 വരെ ക്ലാസുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. | പിറന്നാളിന് ഒരു പുസ്തകം<br>വായനക്കുറിപ്പ്<br>കഥ കവിത ശിൽപ്പശാല<br>സെമിനാർ<br>ചുവർ മാഗസിൻ<br>കയ്യെഴുത്ത് ഡിജിറ്റൽ മാഗസിൻ<br>സാഹിത്യ പഠനയാത്ര<br>വായന ക്കൂട്ടം പുസ്തക-ചർച്ച<br>അഭിമുഖം | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ അധ്യാ<br>വിദ്യാരംഗം കലാസാഹിത്<br>അംഗങ്ങൾ |

| | | | |
|---|---|---|---|
| വായനക്കുറിപ്പ് സമാഹരണം | ക്ലാസുകളിൽ നിന്ന് വായനക്കുറിപ്പ് ശേഖരിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ലീഡ ആസ്വാദനം |
| ശില്പശാല കഥ | കഥകൾ സമാഹരിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | വിദ്യാരംഗം ലീഡർ |
| സെമിനാർ | സെമിനാർ പ്രബന്ധങ്ങൾ തയ്യാറാക്കൽ | ഒക്ടോബർ മാസം | ക്ലാസിൽ നി തിരഞ്ഞെടുക്ക കുട്ടികൾ |
| പതിപ്പ് തയ്യാറാക്കൽ | വിവിധ യൂണിറ്റുകളെ ആസ്പദമാക്കി പതിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസിലെ കുട്ടികളും |
| പ്രസംഗ മത്സരം | മാതൃഭാഷയെ കുറിച്ച് | നവംബർ മാസം | ക്ലാസിലെ കുട്ടികളും |
